**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **13-02-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക രംഗം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രതികൂല സാഹചര്യങ്ങളാൽ തകർച്ച നേരിട്ട സാമ്പത്തിക രംഗത്തെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സാമ്പത്തിക സൂചികകളിൽ രാജ്യത്തെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ഉയർത്തിക്കൊണ്ട് വരുന്നതിന് സഹായകമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച ആഘാതം, ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറഞ്ഞതും, റവന്യൂ കമ്മി ഗ്രാന്റ് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.<br><br>ഈ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത് . ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ് . ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം |

| | | | |
|---|---|---|---|
| | | | സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സാമ്പത്തിക ഞെരുക്കത്തിനിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. പ്രതിസന്ധിയുടെ ഘട്ടത്തിലും സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ജി.എസ്.ഡി.പി യും തമ്മിലുള്ള അനുപാതത്തിന്റെ തോത് 2021-22 ലെ 2.23 ശതമാനത്തെ അപേക്ഷിച്ച് 2022-23 ൽ 0.88 ശതമാനമാക്കി കുറയ്ക്കാൻ കഴിഞ്ഞത് സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രയത്നത്തിന്റെ ഫലമാണ്. മാത്രമല്ല നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യ സൂചികകളിലും കേരളം മുന്നിട്ട് നിൽക്കുന്നത് ശ്രദ്ധേയമാണ്.<br><br>സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനത്തിൽ 2021-22 നെ അപേക്ഷിച്ച് 2022-23 ൽ യഥാക്രമം 23.36 ശതമാനത്തിന്റെയും 44.50 ശതമാനത്തിന്റെയും വർദ്ധനവാണുണ്ടായിട്ടുള്ളത്. സംസ്ഥാന സ്ഥിതി വിവര കണക്ക് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള കണക്ക് പ്രകാരം 2022-23 ലെ ക്വിക്ക് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 2023-24 ലെ അഡ്വാൻസ് എസ്റ്റിമേറ്റിൽ സംസ്ഥാനത്തിന്റെ സ്ഥിര വിലയിലുള്ളതും (Constant Price) ഇപ്പോഴത്തെ വിലയിലുള്ളതുമായ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ചാനിരക്ക് യഥാക്രമം 6.92 ശതമാനവും 12.24 ശതമാനവും വീതമാണ്.<br><br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2023 ഡിസംബറിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം 2021-22 മുതൽ 2022-23 വരെയുള്ള സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനവും ആകെ നികുതി വരുമാനവും തമ്മിലുള്ള അനുപാതം ദേശീയതലത്തിൽ ശരാശരി 65.4 ശതമാനമായിരിക്കുമ്പോൾ കേരളത്തിന്റേത് 78.7 ശതമാനമാണ്. |

| | | | |
|---|---|---|---|
| (ബി) | വിവിധ സ്ഥാപനങ്ങളുടെ ബജറ്റ് സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 2022 ഡിസംബറിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പഠന റിപ്പോർട്ടിൽ വിവിധ തരത്തിലുള്ള പ്രതികൂല സാഹചര്യം നിലനിൽക്കുമ്പോഴും ദേശീയ ശരാശരിക്ക് മുകളിൽ തനതു നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച ആഘാതം, ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറഞ്ഞതും, റവന്യൂ കമ്മി ഗ്രാന്റ് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.<br><br>ഈ പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത് . ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ് . ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. സാമ്പത്തിക ഞെരുക്കത്തിനിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ |

| | | | |
|---|---|---|---|
| | | | ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. പ്രതിസന്ധിയുടെ ഘട്ടത്തിലും സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ജി.എസ്.ഡി.പി യും തമ്മിലുള്ള അനുപാതത്തിന്റെ തോത് 2021-22 ലെ 2.23 ശതമാനത്തെ അപേക്ഷിച്ച് 2022-23 ൽ 0.88 ശതമാനമാക്കി കുറയ്ക്കാൻ കഴിഞ്ഞത് സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രയത്നത്തിന്റെ ഫലമാണ്. മാത്രമല്ല നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യ സൂചികകളിലും കേരളം മുന്നിട്ട് നിൽക്കുന്നത് ശ്രദ്ധേയമാണ്.<br><br>സംസ്ഥാനത്തിന്റെ തനത് നികുതി നികുതിയേതര വരുമാനത്തിൽ 2021-22 നെ അപേക്ഷിച്ച് 2022-23 ൽ യഥാക്രമം 23.36 ശതമാനത്തിന്റെയും 44.50 ശതമാനത്തിന്റെയും വർദ്ധനവാണുണ്ടായിട്ടുള്ളത്. സംസ്ഥാന സ്ഥിതി വിവര കണക്ക് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള കണക്ക് പ്രകാരം 2022-23 ലെ ക്വിക്ക് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 2023-24 ലെ അഡ്വാൻസ് എസ്റ്റിമേറ്റിൽ സംസ്ഥാനത്തിന്റെ സ്ഥിര വിലയിലുള്ളതും (Constant Price) ഇപ്പോഴത്തെ വിലയിലുള്ളതുമായ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ചാനിരക്ക് യഥാക്രമം 6.92 ശതമാനവും 12.24 ശതമാനവും വീതമാണ്.<br><br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2023 ഡിസംബറിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം 2021-22 മുതൽ 2022-23 വരെയുള്ള സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനവും ആകെ നികുതി വരുമാനവും തമ്മിലുള്ള അനുപാതം ദേശീയതലത്തിൽ ശരാശരി 65.4 ശതമാനമായിരിക്കുമ്പോൾ കേരളത്തിന്റേത് 78.7 ശതമാനമാണ്. |
| (സി) | സാമ്പത്തിക സൂചികകളിൽ മികച്ച പ്രകടനം കാഴ്ചവച്ചതിനോടൊപ്പം സാമൂഹ്യ സുരക്ഷാ മേഖലകളിൽ ഈ നേട്ടങ്ങൾ പകർന്ന് നൽകുവാനും ഈ സർക്കാരിന് സാധിച്ചിരുന്നോ; വ്യക്തമാക്കുമോ? | (സി) | സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിലും സംസ്ഥാന സർക്കാർ 2022-23 സാമ്പത്തിക വർഷത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടുന്ന സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രം 12,647.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ